# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5771 05.07.2013 ൽ മറുപടിക്ക്

**പച്ചക്കറി - ധാന്യ വിപണിക്കായി നിയന്ത്രണ ഏജൻസിയെ നിയമിക്കുവാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) പച്ചക്കറി-ധാന്യ വിപണിക്കായി നിയന്ത്രണ ഏജൻസിയെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) ഉത്പാദനമേഖലകളിൽ വില ഉപഭോക്താക്കളെ ദിനംപ്രതി അറിയിക്കുവാൻ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനു വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) ഇപ്പോൾ സംവിധാനമില്ല. |
| (സി) ബ്രാൻഡഡ് ഉൽപ്പന്ന നിർമ്മാതാക്കളുടെ സംഘം സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; ഇവരെ നിയന്ത്രിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിരിക്കുന്നു എന്നറിയിക്കാമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) പച്ചക്കറി വിപണനത്തിന് സപ്ലൈകോയിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) അവശ്യ ഭക്ഷ്യ വസ്തുക്കളുടെ മാർക്കറ്റിടപെടൽ പദ്ധതിക്കു പുറമേ സപ്ലൈകോ പച്ചക്കറിയുടെ വിപണിയിലും ഇടപെട്ടു തുടങ്ങിയിട്ടുണ്ട്. പച്ചക്കറിയുടെ വില വർദ്ധനവ് പ്രായോഗികമായി നേരിടാൻ പച്ചക്കറി വിതരണം കൂടുതൽ കേന്ദ്രങ്ങളിലൂടെ കുറഞ്ഞ വിലയ്ക്ക് എത്തിക്കുവാനാണ് ശ്രമിച്ചു വരുന്നത്. ഇതിനായി സപ്ലൈകോയും ഹോർട്ടികോർപ്പുമായി സഹകരിച്ച് സപ്ലൈകോയുടെ തെരഞ്ഞെടുത്ത വിൽപ്പനശാലകളിൽ ഹോർട്ടികോർപ്പിന് സൗജന്യമായി സ്ഥലം അനുവദിക്കുകയും അതിലൂടെ കുറഞ്ഞ നിരക്കിൽ പച്ചക്കറി വിതരണം ചെയ്തു വരികയും ചെയ്യുന്നു. ഇതിനു പുറമേ സ്ഥലസൗകര്യം ഉള്ള തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സപ്ലൈകോ സ്വന്തമായോ ഫ്രാഞ്ചൈസി മുഖേനയോ പച്ചക്കറി വിതരണം നടത്തി വരുന്നുണ്ട്. പൊതു വിപണിയേക്കാൾ 20% വരെ കുറഞ്ഞ വിലയ്ക്കാണ് ഈ കേന്ദ്രങ്ങളിലും വിതരണം നടത്തുന്നത്. കൂടുതൽ കേന്ദ്രങ്ങളിൽ നേരിട്ടും ഹോർട്ടികോർപ്പുമായി ചേർന്നും പച്ചക്കറി വിതരണം ആരംഭിക്കാനുള്ള നടപടികളെടുത്തുവരുന്നു. |

Beenan

സെക്ഷൻ ഓഫീസർ